The scheme was developed based on: 1) Suggested guideline and framework for the programme -'Shradha-2019', 2) Activities suggested in the modules, 3) Focus and target of the programme-'Shradha-2019', 4) prescribed schedule for the programme -'Shradha-2019', and 5) Suggested orientation programmes and monitoring for implementation of the programme -'Shradha-2019'.

**2. Dvevelopment of Questionnaires**

A creative workshop was organized in Thrissur DIET for making the tools for the study. DIET faculties, Trainers of Block Resource Centers (BRC), Cluster Resource Coordinators participated in it. In the workshop three questionnaires were developed to collect data from Head Teachers (HM), Teachers, and Educational officers. The items included were related with factors affecting implementation of the programme -'Shradha-2019'. The factors considered for the study were

a) Suggested guideline and framework for the programme -'Shradha-2019',

b) Transaction of modules of various subjects in the programme -'Shradha-2019',

c) Focus and target of the programme -'Shradha-2019',

d) Prescribed schedule for the implementation of the programme -'Shradha-2019',

e) Implementation of suggested orientation programmes and monitoring the programme -'Shradha-2019'.

**Collection of Data**

The data were collected from each sample institutions and, 14 Assistant Educational Officers (AEOs), Head Teachers, Teachers, and students using the questionnaires, interview schedules and focus group discussion guides. The qualitative data relevant for the study were also collected from SRG minutes, PTA minutes, and students' profiles of institutions.

**Data Analysis and Interpretation**

The collected data was analyzed according to the objectives specified for the study. Adequate graphic organizers were developed for structure and organize the data. The triangulation of the data was done based on the data collected from all sources specified in the study.

After analyzing the collected data the Researcher got following observations.

- The programme Shradha – Step towards Excellence was implemented in all schools in Thrissur district
- Pretest was conducted in schools for selecting students to the programme Shradha.
- 18% of students in Lower Primary and 32% Upper Primary students were selected for Shradha Programme.
- Head Teachers, Teachers, AEOs, Parents and students wanted to continue the programme Shradha in the coming years.
- Head Teachers, Teachers, AEOs, Parents and students felt the need of implementing the programme Shradha.
- The Department of General Education gave the instruction for the successful implementation of Shradha to schools through AEOs.
- Schools convened School Resource Groups (SRG), PTA. CPTA etc for planning the implementation of Shradha.
- 85% schools made the profile of selected students of Shradha programme with the support of students and parents.
- 66% schools successfully planned daily activities of shradha in their SRG meetings.
- All the schools received support from PTA and other social groups of schools for the implementation of the programme Shradha.
- 62% schools were monitored for Shradha programme.

 ISSN 2395 – 1745

- 58% schools used additional time other than regular instructional time for Shradha programme.
- Modules prepared for the programme was easy, useful, effective and good for attaining Learning Outcomes in students.
- All the parents appreciated for implementing Shradha programme.
- 40% parents and 90% students disliked to take additional time for Shrdha programme because they found some problems in the journey of children back to home.
- A post test was conducted in schools to assess the progress of improvement of learning in students.
- 94% students got improved academically after Shradha programme.

**Advantages of Shradha Programme**

- Shradha programme was successful in schools in bringing the academic standards of school to the minimum expected level.
- The module prepared for the programme was good to achieve the objective of the programme.
- It helped in bringing backward students to improve their academic level.
- It addressed the learning issues faced in the classroom by teachers and students.
- It helped to improve the academic skills of students.
- It increased the confidence of students.

**Limitations of the programme Shradha**

- The module was practiced differently by teachers as they did not get training in it.
- Time suggested for the programme was not adequate to complete the module.
- Most of the parents and students did not like to study in additional time.
- Programmes like Malayalathilakkam, Hello English etc., influenced in the effective implementation of Shradha in schools.
- Monitoring of Shradha was not effective in schools.

**Findings and Suggestions**

Suggested guideline and framework for the Learning Enhancement Programme -'Shradha-2019' programme -'Shradha-2019' were effective for the successful implementation of the programme in Thrissur district.

Activities suggested in the module of the programme -'Shradha-2019' was helpful to make improve the academic standard of students.

Prescribed schedule for the implementation of -'Shradha-2019' was not sufficient for the successful implementation of the programme.

The programme -'Shradha-2019' was successful in Thrissur district by assessing the achievement in the Learning Outcomes of students.

**Suggestions**

Early introduction of Shradha would be more helpful for attaining the objective of it.

Separate class wise and subject wise modules would be suitable for teachers.

Training the teachers for familiarizing module would be helpful for the successful implementation of the programme.

More worksheets would be helpful for students to get the minimum Learning outcome.

Focused monitoring from the department would be helpful for the successful implementation of the programme.

Effective social intervention is the key for the quality education. So use the society for the successful implementation of academic activities at schools.

**Reference**

Department of General Education, Govt. of Kerala. (2017): "Comprehensive Educational Rejuvenation Programme – Guidelines

Director of Public Instruction, Govt. of Kerala (2018), Guidelines for Shradha – Steps towards Excellence.

Best, J. W. (1978); *Research in Education.* New Delhi, Prentice-Hall o f India Private Limited.

NCERT (2018), Report on National Achievement Survey.

SCERT (2018), Report oState Achievement Survey.

# EFFECTIVENESS OF SMART CLASS ONE PROGRAMME FOR EMPOWERMENT (SCOPE) ON ENHANCING THE ICT COMPETENCE OF PRIMARY SCHOOL TEACHERS

**Dr. Sreekala M.,** *Senior Lecturer, DIET, Thrissur*
**Roja C,** *Lecturer, DIET Thrissur*

**Abstract**

*The success of ICT enabled teaching learning process depends largely on effectively transforming the available resources to suit the needs of the learners. It is with this view the teachers of class one were empowered in developing ICT resources through the programme Smart Class One Programme for Empowerment (SCOPE), that would cater to the needs of the learners as well. This study aimed to find the effectiveness of this programme there by it will strengthen ICT enabled education in the public sector and its findings will have implications in all areas related to education.*

## INTRODUCTION

"Technology will never replace great teachers, but technology in the hands of great teachers is transformational" **-George Couros**

The Educational scenario of Kerala has enlivened through the prestigious movement Public Education Rejuvenation Mission. As the part of it various novel programmes and projects are implemented to rise up the quality of education based on international benchmarking. Through infrastructure up gradation, Kerala Infrastructure and Technology for Education (KITE), intended to put in place a system for the proper supply of computers and accessories to schools and to uplift the school as a self-sustaining unit with regard to ICT enabled education. KITE also provides e-resources and capacity building programmes for teachers in various levels to enhance the use of ICT in classrooms. In this context it is high time to analyse how far these efforts reflect in the academic achievement of the students.

Teachers have very prominent role and they are to be empowered and updated with the current knowledge and strategies regarding ICT in education. The present study is an attempt for enhancing the competencies of primary school teachers in ICT, through a Training Package and thereby ensuring quality education to help the learners actualise their potential for achievement.

## NEED AND SIGNIFICANCE OF THE STUDY

Survey of various studies conducted on ICT enabled education in India & abroad helps to understand more about ICT & its importance today. It clearly emphasizes how important the role of teacher is, in dealing with ICT, and using it successfully in the classroom transaction. Involvement of People Representatives of Kerala in the educational sector is really promising. Sri Tyson Master, MLA, Kaipamangalam Constituency wholeheartedly acts for the uplifting the quality of education. Most of the schools in his constituency have smart classrooms.

ISSN 2395 – 1745

As the next step, effective use of these facilities should be ensured to achieve desired learning outcomes. Teacher competence in using ICT is a crucial factor in this regard. So Educational Technology Faculty of DIET Thrissur took up , "Smart Class One Programme for Empowerment (SCOPE)" which aimed to empower teachers of Kaipamangalam Constituency in ICT and there by enhance the learning achievements of the students..

## STATEMENT OF THE PROBLEM

"Effectiveness of Smart Class One Programme for Empowerment (SCOPE) on enhancing the ICT Competence of Primary School Teachers."

## GENERAL OBJECTIVES

- To Develop the Activity Package, 'Smart Class One Programme For Empowerment (SCOPE)' for enhancing ICT competency of primary school teachers for optimum academic achievement of class one students.
- To find the Effectiveness of 'Smart Class One Programme For Empowerment (SCOPE)' on enhancing the ICT competency of primary school teachers.

## SPECIFIC OBJECTIVES

- To analyse the ICT materials developed by teachers of class 1 and assess qualitatively.
- To compare the mean pre and post assessment scores of teachers in Teacher's Self Assessment Rubrics for the use of ICT in the classroom.

## HYPOTHESIS

- There exists significant difference in the mean pre-assessment and post-assessment scores of the teachers in experimental group in ICT Competence when empowered through Smart Class One Programme for Empowerment.

## OPERATIONAL DEFINITION OF KEY TERMS

### Smart Class One Programme For Empowerment (SCOPE)

SCOPE is a collection of sequentially ordered target oriented activities and hands on experiences for enhancing ICT competence of primary school teachers. This programme aims to develop the competency of primary teachers in developing ICT materials and resources required for effective classroom process.

### ICT competence

The technical knowledge and skills related to the use of ICT in education.

Variables of the Study

### Independent Variable

The Independent variable of the present study is Smart Class One Programme.

### Dependent Variable

The dependent variable of the present study is ICT Competence of primary teachers

## METHODOLOGY

### Method

Experimental research was undertaken.

### Sample

The population of the study was the teachers of Kaipamangalam Constituency who teach in class 1. Thirty Eight teachers were selected for the study as the sample.

### Design:

The experimental design used in the study was Pre-test - Post-test single group experimental design.

### Tools

1. Self Assessment Rubrics for ICT usage in the classroom
2. ICT Material assessment tool

### Administration of the tools

The Pre-test using Self Assessment Rubrics for ICT Usage in the Classroom was administered and after that SCOPE programme was conducted for the group. It took two months for the completion of the programme. After the end of the programme post-test was conducted and the ICT material assessment was done using the tool ICT Material Assessment.

**Statistical Technique Used**

Test of significance of difference in mean scores was used for the study.

**ANALYSIS AND INTERPRETATION OF DATA**

Comparison of Mean Scores of the Group before and after the programme

Since we are concerned with the progress made by teachers, single group t-test was done.

**TABLE : 1**

**Data and Results of Test of Significance of Mean Scores of the group before and after the programme**

| DOMAIN | INTER VENTION | Mean | N | Std. Deviation | t-value |
|---|---|---|---|---|---|
| PLANNING &PREPARATION | BEFORE | 6.8684 | 38 | 2.19546 | 13.04** |
| | AFTER | 10.5526 | 38 | 2.29803 | |
| PROFESSIONAL RESPONSI-BILITIES | BEFORE | 7.7895 | 38 | 1.91943 | 8.94** |
| | AFTER | 10.2368 | 38 | 2.08514 | |
| TEACHING LEARNING PROCESS | BEFORE | 6.6053 | 38 | 2.23655 | 8.19** |
| | AFTER | 9.7632 | 38 | 2.38729 | |
| Total | BEFORE | 21.2632 | 38 | 5.77358 | 11.96** |
| | AFTER | 30.5526 | 38 | 6.14112 | |

**Significant at 0.01 level

Table1 indicates that, all the t-values obtained are significant at 0.01 level. This means that teachers have considerable improvement in the post-test in planning and preparation, professional responsibilities and teaching-learning process.

**Domain 1: Planning and Preparation**

**a. Training received**




- 61.5% of the participants had not received any formal training on ICT
- 12.8% of the participants had participated in Kalippetty training
- 25.6% of the participants had participated in PSITC Training ,Training on School wiki, sampoorna , usage of Internet, Management of ICT instruments
- None of the participants were received hardware training and other Professional IT training such as movie making, web designing etc.

**b. ICT Knowledge**

**Before Intervention,**

- 12.8%of the participants didn’t know how to use computer .
- 66.7% of the participants had the awareness of basic applications .
- 17.9% of the participants knew ,to send Email. They had the ability to find out the suitable resources for their students and had the ability to use simple applications.
- 2.6% of the participants knew to send email, video editing, voice recording. They had the ability to find out the suitable resources for each class and to do documentation of class room activities.

**After Intervention,**

- There is none after those who don’t know how to use computer after intervention.
- 39% of the participants had the awareness of basic applications.
- 53.7% of the participants knew ,to send email. They had the ability to find out the suitable resources for their students and had the ability to use simple applications before intervention.
- 7.3% of the participants knew to send email, video editing, voice recording. They had the ability to find out the suitable resources for each class and to do documentation of class room activities.

 ISSN 2395 – 1745

**c. Collection of ICT Materials and resource**

**Before intervention,**

- 53.8% of participants had no collection of ICT materials
- 35.9% had the collection of digital resources provided by the Education Department.
- 5.2 % had the collection of digital resources provided the state and district, online teaching and reference materials, and textbook supplemental materials. They had collected the materials from available apps /Internet/samagra eetc. suitable for their class.
- 5.9 % had collected the materials from available apps, /Internet/samagra suitable for my class and had adapted the available ICT materials based on the levels of learners.

**After intervention,**

- 9.8% of participants had no collection of ICT materials .
- 34.1% had the collection of digital resources provided by the Education Department.
- 43.1 % had the collection of digital resources provided the state and district, online teaching and reference materials, and textbook supplemental materials. I have collected the materials from available apps /Internet/samagra eetc. suitable for my class.
- 9.8 % had collected the materials from available apps, /Internet/samagra suitable for the class and had adapted the available ICT materials based on the levels of learners.

**d. Development of ICT materials**

**Before Intervention,**

- 43.6% of participants could not develop ICT materials by themselves
- 51.3% of participants could select some available resources and show it while teaching.
- 5.1% of participants could find the new materials that are connected to the lessons and could download suitable materials and can arrange the materials in order. Hey could create simple learning activities with the help of ICT.
- Nobody could design learning activities that use the technology resources available and could create learning activities with technology that enable students to learn independently and to be creative. Nobody could prepare digital portfolio, documentation etc., prepare a lesson as an ICT based lesson and develop ICT based assessment tools.

**After Intervention,**

- 4.9% of participants could not develop ICT materials by themselves
- 26.8%of participants could select some available resources and show it while teaching.
- 63.4% of participants could find the new materials that are connected to the lessons and could download suitable materials and can arrange the materials in order. They could create simple learning activities with the help of ICT.
- 4.9% could design learning activities that use the technology resources available and could create learning activities with technology that enable students to learn independently and to be creative. 4.9% could prepare digital portfolio, documentation etc., prepare a lesson as an ICT based lesson and develop ICT based assessment tools.

**Domain 2: Teaching Learning Process**

**a. Use of ICT in Learning Activities**

**Before Intervention**

35.9% of participants never used ICT in learning activities

51.3% of participants used a LCD/LED projector to show slideshows with images.

10.8% of participants used a LCD/LED projector to show slideshows with modified images and sound that enhance connections among the content and concepts.

2% of participants used technology to create and project visual and auditory data that helps to explain

content and concepts and e-teaching manual. They adapted available ICT resources and used them in the classroom.

**After Intervention**

7.3% of participants never used ICT in learning activities

39% of participants used a LCD/LED projector to show slideshows with images.

46.3% of participants used a LCD/LED projector to show slideshows with modified images and sound that enhance connections among the content and concepts.

7.3% of participants used technology to create and project visual and auditory data that helps to explain content and concepts and e-teaching manual. They adapted available ICT resources and used them in the classroom.

**b. Ensuring total inclusion in teaching learning process**

**Before Intervention**

41% of the participants didn't use ICT resources for including differently abled children in teaching learning process

59% of the participants used available ICT resources for including differently abled children in teaching learning process

None of the participants used adaptive and adoptive technologies for students with special needs.

None of the participants empowered students with special needs to be independent with the help of ICT.

**After Intervention**

7.3% of the participants didn't use ICT resources for including differently abled children in teaching learning process

48.8% of the participants used available ICT resources for including differently abled children in teaching learning process

43.9% of the participants used adaptive and adoptive technologies for students with special needs.

None of the participants empowered students with special needs to be independent with the help of ICT.

**c. Opportunity for the learners in using ICT in the class room**

**Before intervention**

33.3% of the participants didn't provide chance for learner to use ICT in the class room activities.

59% of the participants used technologies to passively disseminate information, and show some videos or images.

4.6% of the participants used technologies to disseminate information, to ask questions, to practice only low- level skills or for rewards. They provided learners chance to use ICT to play some available games and activities.

2.9% of the participants used the interactive whiteboard and computer games in ways that engage students, including student use of the board, gaming applications, actions based on student responses, and polling. They used technology in ways that make students productive and meet the instructional goals of the lesson.

**After intervention**

9.8% of the participants didn't provide chance for learner to use ICT in the class room activities.

41.5% of the participants used technologies to passively disseminate information, and show some videos or images.

43.9% of the participants used technologies to disseminate information, to ask questions, to practice only low- level skills or for rewards. They provided learners chance to use ICT to play some available games and activities.

4.8% of the participants used the interactive whiteboard and computer games in ways that engage students, including student use of the board, gaming applications, actions based on student responses, and polling. They used technology in ways that make students productive and meet the instructional goals of the lesson.

ISSN 2395 – 1745

**d. Assessment**

**Before intervention**

66.7% of the participants used written or printed work sheets for assessment

23.1% of the participants used digital worksheets already available for the assessment.

8.2% of the participants created digital worksheets for the assessment. They used ICT activities for continuous assessment. They created evaluation tools suitable for different situations.

2% of the participants created digital worksheets for the assessment. Digital portfolio of the students are kept. They helped students to review the digital versions of their work and created a record of digital evaluation tool .They created a suitable monitoring system that used by the parents to know the achievements of their wards.

**After intervention**

12.2%of the participants used written or printed work sheets for assessment

39% of the participants used digital worksheets already available for the assessment.

46.8% of the participants created digital worksheets for the assessment. They used ICT activities for continuous assessment. They created evaluation tools suitable for different situations.

2% of the participants created digital worksheets for the assessment. Digital portfolio of the students are kept. They helped students to review the digital versions of their work and created a record of digital evaluation tool .They created a suitable monitoring system that used by the parents to know the achievements of their wards.

## SUMMARY OF FINDINGS

- There is a significant difference between the pre and post stages of intervention in the ICT competence of the teachers.
- SCOPE is an effective intervention for enhancing the ICT Competence of Primary School Teachers .

## EDUCATIONAL IMPLICATIONS

The present investigation presents the following educational implications.

- The knowledge, attitude and skills of Primary school teachers in ICT are enhanced to attain the goal of education.
- Collaborative teams share leadership and responsibilities and there by enhances the self- esteem of the teacher.
- Instruction is active, creative, and collaborative in the classroom and it is geared to match students at all levels of achievement.
- Students enjoy learning.
- Assessment becomes more comprehensive.

## CONCLUSION

ICT plays a pivotal role in addressing the question regarding the quality of education and competency of teachers. The role played by teachers is highly significant in the effective incorporation of ICT in classrooms. The use of information and communication technologies as a tool in the teaching learning process does in no way do away with the role of the teacher. ICT does not transform a teacher but it does transform the teaching practices. It can complement the existing pedagogy and thereby vitalizing the teacher student interaction. In the present study, the SCOPE programme was found to be very effective in enhancing the ICT competency of teachers. Competency in all domains of teaching can be enhanced holistically through this programme. By applying research findings regarding the role of ICT in learning, educators can influence educational practice in most effective way.

## References


Abas, Z. W. (1995). Implementation of computers in Malaysian schools: problems and successes. Integrating Information Technology into Education ,151-158. London: Chapman & Hall.

Agarwal, R. (2000). Educational Technology and Conceptual understanding. ANMOL Publications Pvt. Ltd. New Delhi.

Annaraja, P. & Joseph, N. M. (2006). Teachers attitudes towards information and communication technology. Bulletin of Information Technology, 26 ( 2), 37-40.

Lal, C. (2014). Attitudinal study of user and non-user teachers' towards ICT in relation to their school teaching subjects. Universal Journal of Educational Research, 2 (3), 213-218. doi: 10.13189/ujer.2014.020302

Tasir, Z., Abour, K. M., Halim, N. D. &Harun, J. (2012). Relationship between teachers' ICT competency, confidence level, and satisfaction toward ICT training programmes: a case study among postgraduate students. The Turkish Online Journal of Educational Technology, 11 (1).138-144.

Retrieved from http://eric.ed.gov/?q=ict+ff1=dtyIn_2012&id= EJ97657

ISSN 2395 – 1745

# തൃശ്ശൂർ ജില്ലയിലെ പ്രേരക്മാരുടെ തൊഴിൽ വൈശിഷ്ട്യവികസന ആവശ്യങ്ങൾ : പഠനം

**മനോരമ എ,** *സീനിയർ ലക്ച്ചറർ,ഡയറ്റ് തൃശ്ശൂർ*
**പ്രസി പി,** *ലക്ച്ചറർ, ഡയറ്റ് തൃശ്ശൂർ*

**സംഗ്രഹം**

*സമൂഹത്തിൽ പഠന സാഹചര്യം നിഷേധിക്കപ്പെട്ടവർക്ക് അവസരം ലഭ്യമാക്കാൻ പരിശ്രമിക്കുകയും അവരെ പഠിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രേരക്മാർ നേരിടുന്ന പ്രയാസങ്ങൾ/ പ്രതിസന്ധികൾ തിരിച്ചറിയുന്നതിനും തൊഴിലിൽ മികവുപുലർത്തുന്നതിൽ പ്രേരക്മാർ നേരിടുന്ന പരിമിതികൾ അറിയുന്നതിനുമായി സർവെ രീതി ശാസ്ത്രം ഉപയോഗിച്ച് നടത്തിയ പഠനം. ഏതൊരു ജോലിയുടെയും വിജയം ജോലി ചെയ്യുന്ന വ്യക്തിയുടെ മാനസികവും, സാമ്പത്തികവും, തൊഴിൽപരവുമായ സംതൃപ്തിയാണ്. പ്രേരക്മാർക്ക് ഐ.സി.ടി പരിശീലനം, മനശാസ്ത്രം, ബോധനശാസ്ത്രം, തൊഴിൽ പരിശീലനം, സ്ട്രെസ്സ് മാനേജ്മെന്റ് പരിശീലനം , ടൈം മാനേജ്മെന്റ്, ഫിനാൻസ് മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയമായ പരിശീലനം ലഭ്യമാക്കി പ്രേരക്മാരുടെ തൊഴിൽ വൈശിഷ്ട്യവികസനം സാധ്യമാക്കാവുന്നതാണ്.*

**ആമുഖം**

വ്യക്തിയുടെ വികാസവും നാടിന്റെ വളർച്ചയും പുരോഗതിയും ആണ് ഏതു തരത്തിലുമുള്ള വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പൗരന്മാരുടെ അറിവും കഴിവും നൈപുണികളും നിരന്തരമായി വികസിപ്പിക്കുന്നതിന് ഉതകുന്ന ഒരു വിദ്യാഭ്യാസ പദ്ധതിയിലൂടെ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാകൂ. വിദ്യാഭ്യാസത്തെ സംബന്ധിച്ച അടിസ്ഥാന സമീപനത്തിൽ ഔപചാരിക - അനൗപചാരിക വിദ്യാഭ്യാസ മേഖലകൾ തമ്മിൽ വ്യത്യാസമില്ല.

ദേശീയ സാക്ഷരതാ മിഷൻ കേരളത്തിലേക്ക് തുടർ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുമ്പോൾ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് തിരഞ്ഞെടുത്തത്. ഈ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി സാക്ഷരതാ വിദ്യാകേന്ദ്രങ്ങൾ അനുവദിച്ചിരുന്നു. ഈ കേന്ദ്രങ്ങളുടെ ചുമതല പ്രേരക്മാർക്കാണ്. സാക്ഷരത പ്രസ്ഥാനത്തിലെ പ്രാഥമിക പ്രവർത്തകരാണ് പ്രേരക്മാർ. തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ജീവനാഡിയും.

സമൂഹത്തിൽ പഠന സാഹചര്യം നിഷേധിക്കപ്പെട്ടവർക്ക് അവസരം ലഭ്യമാക്കാൻ പരിശ്രമിക്കുകയും അവരെ പഠിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രേരക്മാരുടെ പ്രധാന ഉത്തരവാദിത്തം. അതോടൊപ്പം വിവിധങ്ങളായ സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ സംഘാടകരായും താഴെ തലത്തിൽ പ്രേരക്മാർ പ്രവർത്തിക്കേണ്ടതുണ്ട്.

സർക്കാർ നയങ്ങൾക്കനുസരിച്ച് സാക്ഷരതാ മിഷൻ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമൂഹത്തിൽ പ്രാവർത്തികമാക്കേണ്ടത് പ്രേരക് മാരുടെ കടമയാണ്. മേൽപ്പറഞ്ഞ കർത്തവ്യങ്ങൾ വിജയകരമായി നിർവഹിക്കുന്നതിന് പ്രേരക്മാരുടെ തൊഴിൽ വൈശിഷ്ട്യം കാലോചിതമായി ഉയർത്തേണ്ടതുണ്ട്.

**ഉദ്ദേശ്യലക്ഷ്യങ്ങൾ:**

- പ്രേരക്മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്.
- ചുമതലകൾ നിർവഹിക്കുന്നതിൽ പ്രേരക്മാർ നേരിടുന്ന പ്രയാസങ്ങൾ/ പ്രതിസന്ധികൾ തിരിച്ചറിയുന്നതിന്.
- തൊഴിലിൽ മികവുപുലർത്തുന്നതിൽ പ്രേരക്മാർ നേരിടുന്ന പരിമിതികൾ അറിയുന്നതിന്.
- 4, 7 തുല്യതാ ക്ലാസുകൾ സംഘടിപ്പിക്കുമ്പോഴും കൈകാര്യം ചെയ്യുമ്പോഴും നേരിടുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്നതിന്.
- പ്രേരക്മാരുടെ സാമൂഹ്യ-സാമ്പത്തിക -വിദ്യാഭ്യാസ നിലവാരം നിർണയം ചെയ്യുന്നതിന്.
- തുടർവിദ്യാകേന്ദ്രത്തിലെ ഭൗതികസൗകര്യം വിലയിരുത്തുന്നതിന്.
- പരിശീലകൻ, സംഘാടകൻ, അധ്യാപകൻ, ഓഫീസ് മാനേജർ, കോർഡിനേറ്റർ എന്നീ ചുമതലകൾ ഒരേസമയം ചെയ്യുന്നതിനുള്ള ആത്മവിശ്വാസവും കഴിവും വളർത്തുന്നതിന്.
- ആവശ്യമായ പരിശീലനങ്ങൾ നൽകി പ്രേരക്മാരുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന്.

**പഠനരീതി:**

പഠനത്തിന് സർവെ രീതിശാസ്ത്രമാണ് ഉപയോഗിച്ചിരിക്കുന്നത്.

**സാമ്പിൾ**

പഠനത്തിന്റെ ഭാഗമായി ജില്ലയിലെ ആകെയുള്ള 172 പ്രേരക്മാരിൽ 30 പേരിൽ നിന്നും, 15 പഠിതാക്കളിൽ നിന്നും, എ.പി.സി (1), ഡി.പി.സി(1) എന്നിവരിൽനിന്നും വിവരശേഖരണം നടത്തിയത്.

**ടൂൾസ് :**

**1. പ്രേരക്മാർക്കുള്ള ചോദ്യാവലി .**

ഇതിൽ 36 ചോദ്യങ്ങൾ ഉൾപ്പെടുത്തി. അക്കാദമികം, ഭരണപരം,ഭൗതികം, സാമൂഹികം എന്നിങ്ങനെ നാല് മേഖലകളായി തിരിച്ചാണ് പ്രേരക്മാർക്കുള്ള ചോദ്യാവലി തയ്യാറാക്കിയത്.

**2. പഠിതാക്കൾക്കുള്ള ഇന്റർവ്യൂ ഷെഡ്യൂൾ.**

ഇതിൽ 14 ചോദ്യങ്ങളുണ്ടായിരുന്നു. 4, 7 ക്ലാസുകളിൽ അവരെ പഠിപ്പിച്ചിട്ടുള്ള പ്രേരക്മാരുടെ ക്ലാസ്സുകൾ, , വിഷയസമീപനം, അഭിരുചി, പഠനരീതി, പഠനതന്ത്രങ്ങൾ എന്നിവ വിലയിരുത്തുന്നതിനുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയത്.

**3. APC & DPC ക്കുള്ള ഇന്റർവ്യൂ ഷെഡ്യൂൾ.**

പ്രേരക്മാരുടെ യോഗ്യത, മനോഭാവം, കാര്യക്ഷമത, റിവ്യൂ റിപ്പോർട്ടിങ്, പങ്കാളിത്തം, പരാതികൾ, ഓഫീസ് മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെടുത്തിയാണ് ചോദ്യങ്ങൾ തയ്യാറാക്കിയത്.

**ദത്തവിശകലനം, കണ്ടെത്തലുകൾ :**

**1.പ്രേരക്മാർക്കുള്ള ചോദ്യാവലി.**

- 61 ശതമാനം പ്രേരക്മാർ പത്താംതരം (മിനിമം യോഗ്യത) മാത്രം പാസായവരാണ്. ബാക്കി 39 ശതമാനം പേർ ജഏ ഉൾപ്പെടെ യോഗ്യത ഉള്ളവരാണ്. 10% പേർ ടെക്നിക്കൽ യോഗ്യത അധികമായി ഉള്ളവരാണ്. ടി.ടി.സി (ഡി.എൽ.എഡ്) യോഗ്യത ആർക്കും തന്നെ ഇല്ല.
- 77% പേർക്ക് കംപ്യൂട്ടറിന്റെ ബാലപാഠം മാത്രമേ അറിയൂ. ഒട്ടും പരിജ്ഞാനമില്ലാത്തവർ 20% പേർ വരും. 96% പേരും കമ്പ്യൂട്ടർ പരിശീലനം വേണമെന്ന് അഭിപ്രായം രേഖപ്പെടുത്തി. നൂതസാങ്കേതിക വിദ്യയിലുള്ള പരിജ്ഞാനക്കുറവും, കേന്ദ്രങ്ങളിൽ ഇതിനുള്ള സൗകര്യം ഇല്ലാത്തതും, തുല്യത രജിസ്ട്രേഷൻ, ദൈനംദിന പ്രവർത്തനറിപ്പോട്ടിങ് എന്നിവ ഓൺലൈൻ ആക്കിയ സാഹചര്യത്തിൽ പണച്ചിലവ് അടക്കമുള്ള ബുദ്ധിമുട്ടുകൾ പ്രേരക്മാർക്കു ഉണ്ടാക്കുന്നു.

 ISSN 2395 – 1745

- പ്രാദേശികമായി സംഘടിപ്പിക്കുന്ന സാക്ഷരതാക്ലാസ്സ്, ബോധവൽക്കരണക്ലാസ്സ് എന്നിവ മികച്ച രീതിയിൽ നടത്തുന്നതിന് സാമ്പത്തികം പ്രശ്നമാകാറുണ്ട്. 96% പേരും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.
- 4, 7 ക്ലാസ്സുകളുടെ അധ്യാപനത്തിൽ പ്രേരക്മാർക്ക് വിഷയസമീപനത്തിലും ഉള്ളടക്കത്തിലും ചില വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും ധാരണ ക്കുറവുണ്ട്. 80% പേരും ഇത് വ്യക്തമാക്കുന്നു.
- ജില്ലയിലെ 94% പ്രേരക്മാരും തങ്ങളുടെ തദ്ദേശസ്ഥാപനവുമായി മികച്ചബന്ധം സ്ഥാപിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതു വിദ്യാലയങ്ങൾ പോലെ തന്നെ തുടർ വിദ്യാകേന്ദ്രങ്ങളും തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിൽ പൂർണമായും ഉൾപ്പെടുത്തേണ്ട താണെന്നു 100% പേരും അഭിപ്രായപ്പെട്ടു. ഇതിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ തങ്ങളുടേതായ പങ്കു വഹിക്കാൻ പ്രേരക്മാർക്ക് കഴിയുമെന്ന് മുഴുവൻ പേരും അഭിപ്രായം രേഖപ്പെടുത്തി.
- പി.ടി.എ മുഖേന മാതാപിതാക്കളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനായി തുല്യതാപരിപാടിയിൽ ഉൾപ്പെടുത്തുകയും അത് വഴി പഠനോന്മുഖമായ അന്തരീക്ഷം വിദ്യാർത്ഥികളുടെ കുടുംബത്തിൽ സംജാത മാവുകയും ചെയ്യും. പൊതുവിദ്യാലയങ്ങളിൽ മുതിർന്ന പഠിതാക്കളുടെയും ഇളം തലമുറയിലെ പഠിതാക്കളുടെയും ആശയ കൈമാറ്റത്തിനും, ആശയവിനിമയത്തിനുമുള്ള വേദി ലഭിക്കും. പ്രവൃത്തിദിനങ്ങളിൽ വിദ്യാർത്ഥികളും, അവധിദിനങ്ങളിൽ മുതിർന്ന പഠിതാക്കളും പ്രയോജനപ്പെടുത്തുന്നതി വഴി പൊതുവിദ്യാലയങ്ങളും പരിസരവും സംരക്ഷിക്കപ്പെടും. ഈ സാഹചര്യത്തിൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ എത്തിക്കാൻ ഇത് പ്രേരകമാവുകയും ചെയ്യും.
- 96% കേന്ദ്രങ്ങളിലും സംഘടിപ്പിക്കുന്ന പൊതുപരിപാടികളിൽ വിവിധ ആവശ്യ ങ്ങൾക്കായി ഓരോ കേന്ദ്രത്തിലും പ്രതിദിനം 10 പേരെങ്കിലും എത്തുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 48% കേന്ദ്രങ്ങളിൽ 10ന് മുകളിലും, 52% കേന്ദ്രങ്ങളിൽ 5നും 15നും ഇടയിലും. കേന്ദ്രം ഒരു ജനസേവനകേന്ദ്രമായി പ്രവർത്തിക്കുന്നു എന്നതിന് സൂചനയാണിത്.
- 95% കേന്ദ്രങ്ങളിലും സംഘടിപ്പിക്കുന്ന പൊതുപരിപാടികളിൽ (കൈത്തൊഴിൽ പരിശീലനം, സാക്ഷരതാപിന്നോക്കക്കാർക്കു പ്രിത്യേകപരിശീലനം, ക്യാംപുകൾ, ബോധ വൽക്കരണക്ലാസ്സുകൾ) ഏറ്റവും കുറഞ്ഞത് 30 പേരെങ്കിലും പങ്കെടുക്കുന്നു എന്നത് കേന്ദ്രങ്ങളുടെ സമകാലിക പ്രസക്തി വെളിപ്പെടുത്തുന്നു. ഇതെല്ലം മികച്ചരീതിയിൽ കൊണ്ടുപോകണമെങ്കിൽ സംഘാടനത്തിലും പ്രേരക്മാർക്ക് പരിശീലനം ആവശ്യമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
- പത്താംതരം തുല്യതാകോഴ്സുകൾക്കു രെജിസ്ട്രേഷൻ ഫീസ് ഉണ്ടെന്നത് 60% ലേറെപ്പേർ ഒരു പ്രശ്നമായി സൂചിപ്പി ച്ചെങ്കിലും, പഠിതാക്കളുടെ ലഭ്യത കുറയുന്നില്ലെന്ന വസ്തുത തുല്യതാ കോഴ്സുകളുടെ ആവശ്യകത വെളിപ്പെ ടുത്തുന്നു.

**2. പഠിതാക്കൾക്കുള്ള ചോദ്യാവലി**

- പ്രേരക്മാർ ടീച്ചിംഗ് എയ്ഡ്സ് ഉപയോഗിക്കാറില്ലാത്ത സാഹചര്യമാണുള്ളത്. അതിന് പരിശീലനം വേണം. 4, 7 തുല്യതാ ക്ലാസ്സുകൾ വളരെ പ്രയോജനപ്പെട്ടതായി പഠിതാക്കൾ സാക്ഷ്യപ്പെടുത്തുന്നു. തുല്യതാ കോഴ്സിന്റെ പ്രസക്തി ഇതിലൂടെ വ്യക്തമാകുന്നു.
- 4, 7 തുല്യതാ കോഴ്സിൽ ഏതെങ്കിലും തൊഴിൽ പരിശീലനം കൂടി ലഭിക്കണമെന്ന് ഭൂരിഭാഗം ആഗ്രഹിക്കുന്നു. മുതിർന്ന പഠിതാക്കളെ അഭ്യസിപ്പിക്കാൻ ഉതകുന്ന തൊഴിലുകളിൽ പ്രേരക്മാർക്കും വൈദഗ്ധ്യം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.
- എല്ലാ പഠിതാക്കളും തുടർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്ന കാര്യം വളരെ പ്രതീക്ഷ നൽകുന്നു. അനൗപചാരിക

വിദ്യാഭ്യാസ പദ്ധതിയുടെ ആവശ്യകതയാണ് ഇത് വെളിപ്പെടുത്തുന്നത്.

**3. APC & DPCമാർക്കുള്ള അഭിമുഖചോദ്യങ്ങൾ**

- പ്രേരക്മാർ മീറ്റിംഗുകളിൽ പൂർണപങ്കാളിത്തം ഉറപ്പാക്കുന്നു, നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നു. 50% പേർ സമയം പാലിച്ച് കൃത്യമായും വ്യക്തമായും റിപ്പോർട്ടുകൾ എഴുതി നൽകുന്നു. 40% പേർക്ക് ഇതിൽ ധാരണ ക്കുറവുണ്ട്. 10%പേർ പൂർണമായും വീഴ്ചവരുത്തുന്നു.
- തുടർച്ചയായി ഒരേ പ്രവർത്തനം ചെയ്തു മടുക്കുമ്പോൾ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും പ്രാവർത്തികമാക്കാനും ഉത്സാഹം കാണിക്കുന്നു.
- ഐ.ടി മേഖലയിലെ അറിവില്ലായ്മ ബുദ്ധിമുട്ടു ഉണ്ടാക്കുന്നതായി കാണിക്കുന്നു.
- 4,7 രജിസ്ട്രേഷൻ കുറഞ്ഞുവരുന്നു. താമസസ്ഥലത്തിനടുത്തു സമ്പർക്ക പഠന ക്ലാസ്സുകൾ ലഭിക്കുന്നില്ല.
- മാസവരുമാനം സമയത്തിന് ലഭിക്കാത്തതു പ്രവർത്തനത്തെ ബാധിക്കുന്നു.
- പഠനസാമഗ്രികൾ, അനുബന്ധപഠനോപ കരണങ്ങൾ എന്നിവ കൃത്യസമയത്തു ലഭിക്കാത്തതു പ്രേരക-പഠിതാവ് ബന്ധം ഉലയ്ക്കുന്നു.
- മുഴുവൻ പ്രേരക്മാർക്കും ഡി.എൽ.എഡ് പരിശീലനം ആഴ്ചയിൽ ഒരു ദിവസം വീതമെങ്കിലും സൗജന്യമായി ലഭിക്കണമെന്ന് ആഗ്രഹം രേഖപ്പെടുത്തുന്നു.
- ഒരേ സമയം പല റോളുകളിൽ പ്രവർത്തി ക്കേണ്ടിവരുന്ന പ്രേരക്മാർക്കു ഓഫീസ് മാനേജ്മെന്റിലും, സർവോപരി സമയത്തിന്റെ കാര്യക്ഷമമായ വിനിയോഗത്തിലും പരി ശീലനം ആവശ്യമുള്ളതായി കാണിക്കുന്നു.

**നിർദ്ദേശങ്ങൾ :**

- പ്രേരക്മാർക്ക് ഐ.സി.ടി പരിശീലനം ലഭ്യമാക്കുക.
- മുതിർന്നപഠിതാക്കളുടെ മനശാസ്ത്രം, ബോധനശാസ്ത്രം എന്നിവയിൽ ശാസ്ത്രീ യമായ പരിശീലനം ലഭ്യമാക്കണം.
- പ്രേരക്മാരെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തൊഴിൽ പരിശീലനം നൽകുന്നത് ആശാസ്യമാണ്.
- തൊഴിൽപരമായി മാനസികമായ പിരിമുറുക്കം അനുഭവിക്കുന്നതിനാൽ സ്ട്രെസ്സ് മാനേജ്മെന്റ് പരിശീലനം ഇവർക്ക് അത്യാവശ്യമാണ്.
- ഒരു കേന്ദ്രത്തിന്റെ പൂർണ ചുമതലയുള്ള ഇവർക്ക് ടൈം മാനേജ്മെന്റ്, ഫിനാൻസ് മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ് എന്നിവയിൽ പരിശീലനം ആവശ്യമാണ്.
- പഠിതാക്കളുടെ കലാകായിക വാസനകളെ പരിപോഷിപ്പിക്കുന്നതിനും മേളകൾ സംഘടിപ്പിക്കുന്നതിനും ഇവരെ പ്രാപ്തരാ ക്കേണ്ടതാണ്.
- ഡി.എൽ.എഡിന്റെ ( ടി.ടി.സി ) അഭാവത്തിൽ ക്ലാസ് മാനേജ്മെന്റിലും, പാഠപുസ്തക വിനിമയത്തിലും ഉള്ളടക്കധാരണയിലും മൂല്യനിർണയത്തിലും തുല്യതാ പാഠാവലി സമീപനത്തിലും പ്രേരക്മാർക്ക് പരിശീലനം നൽകേണ്ടത് ആവശ്യമാണ്.
- പ്രേരക്മാർ ചെയ്യുന്ന ജോലിയുടെ പ്രാധാന്യം കണക്കിലെടുത്തു ഇവർക്ക് ഉപരിപഠന ത്തിനുള്ള സാധ്യതകൾ സൗജന്യമായി ലഭ്യമാക്കണം.
- പൊതുജനങ്ങളുമായി നിരന്തരം സമ്പർക്ക പ്പെടുന്നത് കൊണ്ടും, ഗ്രാമസഭയിൽ സംസാരിക്കേണ്ടിവരുന്നത് കൊണ്ടും, പരിശീ ലനങ്ങളിൽ റിസോഴ്സ്പേഴ്സൺ ആകേണ്ടത് കൊണ്ടും നേതൃത്വപരിശീലനം/പബ്ലിക് സ്പീക്കിംഗ് പരിശീലനം ആവശ്യമാണ്.
- പ്രേരക്മാരുടെ പ്രൊഫഷണൽ ഡെവലപ് മെന്റിനെ സഹായിക്കുന്നതിനായി ഒരു ജേണൽ ഇറക്കുന്നത് ഉത്തമമായിരിക്കും.

**പരിമിതി :**

- പഠനം നടത്തുന്നതിന് ലഭിച്ച സമയം പരിമിതമായിരുന്നു. ആയതിനാൽ പഠിതാ ക്കളെ പലരെയും ഫോണിലൂടെ അഭിമുഖം നടത്തേണ്ടതായി വന്നു.
- തുടർവിദ്യാകേന്ദ്രങ്ങൾ വേണ്ടത്ര എണ്ണം സന്ദർശിക്കാൻ കഴിഞ്ഞില്ല.

 ISSN 2395 – 1745

- 4,7 ന്റെ രജിസ്ട്രേഷൻ സമയമായതിനാൽ പ്രേരക്മാരുടെ ക്ലാസുകൾ നേരിൽ കണ്ടു വിലയിരുത്താൻ സാധിച്ചില്ല.

**ഉപസംഹാരം :**

ഏതൊരു ജോലിയുടെയും വിജയം ജോലി ചെയ്യുന്ന വ്യക്തിയുടെ മാനസികവും, സാമ്പത്തികവും, തൊഴിൽപരവുമായ സംതൃപ്തിയാണ്. അത് നിർബന്ധമായും പ്രേരക്മാർക്കു ലഭ്യമാക്കണം. നിസ്വാർത്ഥമായ ഒരു സേവനതലം ഇവർക്കുണ്ട്. ഓരോ പ്രേരകും മഹത്തായ ഒട്ടനവധി കാര്യങ്ങൾ ചെയുന്നു എന്ന് ഈ പഠനത്തിലൂടെ തിരിച്ചറിയാൻ സാധിച്ചു. ഉയർന്ന പ്രായപരിധിയിലുള്ള ഒരു പഠിതാവിനെ കണ്ടെത്തി അവരെ 4,7,10,12 എന്നീ തലങ്ങളിലേക്ക് ഉയർത്തുന്നതിന്റെ മഹനീയ പ്രയാസം കാണാതെ പോകരുത്. ഒരു സ്കൂളിലെ അധ്യാപകനെപോലെ മാത്രമല്ല, പ്രധാനാധ്യാപകന്റെ ജോലികൂടിയാണ് പ്രേരക്മാർക്കുള്ളത്. ഔപചാരിക വിദ്യാഭ്യാസത്തിലെ കുട്ടികൾക്കു കിട്ടുന്ന അതേ പരിഗണന മുതിർന്ന പഠിതാക്കൾക്കും ലഭിക്കേണ്ടതുണ്ട്. പ്രേരക്മാറില്ലെങ്കിൽ തുടർ വിദ്യാഭ്യാസം ഇല്ലെന്നുതന്നെ പറയാം. സെന്റർ കോർഡിനേറ്റർമാരായ പ്രേരക്മാർ ആഴ്ചയിൽ 7 ദിവസവും പ്രവൃത്തി ചെയുന്നു. സ്വന്തം പ്രശ്നങ്ങളല്ല, പഠിതാക്കൾ നേരിടുന്ന പ്രശ്നങ്ങളാണ് പ്രേരക്മാർ കൂടുതലായും പങ്കുവെച്ചത്. ഒരു നിശബ്ദസംസ്കാരത്തിന്റെ ഭാഗമായി നിൽക്കുന്ന മുതിർന്ന പഠിതാക്കളെ അറിവിന്റെ വെളിച്ചത്തിലേക്കു നയിക്കുന്ന പ്രേരക്മാർക്കു അർഹമായ പ്രോത്സാഹനം നൽകിയേ മതിയാവൂ. സമൂഹത്തിലുള്ളവരുമായി ഇടപഴുകുകയും അവരുടെ ആവശ്യങ്ങളിൽ ഇടപ്പെട്ടു സഹായിക്കുകയും ചെയ്യുന്നവരാണ് പ്രേരക്മാർ. മാനസിക-സാമ്പത്തിക പ്രതിസന്ധികൾ ധാരാളമുണ്ടെങ്കിലും ജന പിന്തുണയും, സമൂഹത്തിലെ അംഗീകാരവുമാണ് ഈ തൊഴിലിൽ ഇവരെ പിടിച്ചു നിർത്തുന്നത്.

# ഭാഷാപഠനം സിദ്ധാന്തവും പ്രയോഗവും

**ഡോ. സംഗീത. കെ.കെ.പി.,** *ലക്ചറർ, ഡയറ്റ് തൃശ്ശൂർ*

മറ്റു ജീവികളെ അപേക്ഷിച്ച് മനുഷ്യർ അറിവിന്റെ ആർജ്ജനത്തിൽ സ്വയം പ്രചോദിതരാണ്. അറിവ് നിർമ്മിക്കപ്പെടുന്നതാകട്ടെ ഭാഷയിലൂടെയുമാണ്. ഭാഷ ഒരു സാംസ്കാരിക നിർമ്മിതി എന്ന നിലയിൽ വ്യക്തിയുടെ ചിന്തയും സ്വത്വവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെവരുമ്പോൾ മാതൃഭാഷ നിഷേധിക്കുക എന്നാൽ ഒരു ജനതയുടെ സ്വത്വത്തെത്തന്നെ നിഷേധിക്കലായി മാറുന്നു. എല്ലാ വിഷയമേഖലയിലും അർത്ഥവത്തായ അറിവ് നിർമ്മിക്കാനുള്ള അവസരമുണ്ടാകുന്നത് മാതൃഭാഷാ മാധ്യമത്തിലൂടെയാണ്. അർത്ഥവത്തായ അറിവ് എന്ന പ്രയോഗം വളരെ പ്രധാനമാണ്.

ഏതാണ് ശരിയായ അറിവ് എന്ന ചോദ്യം ഇവിടെ പ്രസക്തമാകുന്നുണ്ട്. സമൂഹത്തിൽ മേൽക്കോയ്മ നേടിയവരുടെ വിജ്ഞാനമാണ് ശരിയായ വിജ്ഞാനം എന്ന ധാരണയെ പിൻപറ്റുന്നതാണ് നമ്മുടെ സാമ്പ്രദായിക ക്ലാസ് മുറികൾ. കുട്ടികൾ തങ്ങളുടെ പ്രാദേശിക പരിസരാനുഭവങ്ങളിൽ നിന്നു നേടുന്ന അറിവ് അവിടെ വലിയ രീതിയിൽ പരിഗണിക്കാറില്ല. ഇരുന്നൂറ് ചെടിയുടെ പേരും ഉപയോഗവും അറിയാവുന്ന ആദിവാസി പെൺകുട്ടിയേയും ഇരുപത് ചെടികളുടെ ശാസ്ത്രനാമം മാത്രമറിയുന്ന ബയോളജി അധ്യാപികയേയും ഉദാഹരിച്ചുകൊണ്ട് ഡോ: യശ്പാൽ ദേശീയ പാഠ്യപദ്ധതി രേഖയിൽ ഈ പ്രശ്നത്തെ വിശകലനം ചെയ്യുന്നുണ്ട്. ആരുടെ വിജ്ഞാനമാണ് ക്ലാസ്സ് മുറിയെ ഭരിക്കുന്നതെന്നും ആർക്കാണ് യഥാർത്ഥത്തിൽ ബയോളജി അറിയുക എന്നുമുള്ള ചോദ്യമാണ് അദ്ദേഹം ഇതിലൂടെ ഉന്നയിക്കുന്നത്. ആദിവാസിപെൺകുട്ടി ചെടികളും പൂക്കളും കായ്കളും നിറഞ്ഞ അന്തരീക്ഷത്തിൽ നേടുന്ന പ്രായോഗിക ജ്ഞാനമല്ല, അധ്യാപികയുടെ സൈദ്ധാന്തിക ജ്ഞാനമാണിവിടെ മേൽക്കോയ്മ നേടുന്നത്. ഭാഷാപഠനക്ലാസിലും ഇത് ഗൗരവതരമായ പ്രശ്നമായി മാറുന്നുണ്ട്. പഠിതാവിന്റെ സ്വന്തമായ പദാവലികളേയും ശൈലീപ്രയോഗങ്ങളേയും പരിഗണിക്കാതെ മുന്നോട്ടു പോകുന്ന മാതൃഭാഷാപഠനം സ്വന്തമായ ശൈലിയും ഭാഷാപ്രയോഗങ്ങളും നിർമ്മിക്കാൻ അവരെ സഹായിക്കുന്നില്ല. അധ്യാപകന്റെ/അധ്യാപികയുടെ ഭാഷാജ്ഞാനവും അറിവും നിലപാടുകളും മേൽക്കോയ്മ നേടുമ്പോൾ സ്വന്തം ഭാഷയെ ക്ലാസ് മുറിക്ക് പുറത്തുനിർത്താൻ പഠിതാക്കൾ നിർബന്ധിതരാകുന്നു. അവർ സ്വന്തം ഭാഷയിൽ നിന്നാണ് പൊതുഭാഷയെ നോക്കേണ്ടത്; മറിച്ചല്ല. തന്റെ ജീവിതഭാഷയെ ഉപേക്ഷിക്കേണ്ടിവരിക എന്നാൽ സാംസ്കാരികമായ സ്വത്വത്തെ ഉപേക്ഷിക്കുക എന്നാണർത്ഥം. ഭാഷാവികാസമെന്നാൽ തിരിച്ചറിവിന്റെ വികാസം, സ്വത്വവികാസം, മറ്റുള്ളവരുമായി ഇടപെടാനുള്ള കഴിവിന്റെ വികാസം എന്നിവയൊക്കെയാണ്. “ആസന്ന പരിസരത്തേയും മാതൃഭാഷയേയും സമൂഹത്തെപ്പറ്റിയുള്ള മാറിയ കാഴ്ചപ്പാടിലേക്ക് കുട്ടിയെ നയിക്കുന്ന വിഭവങ്ങളായി കാണണം” എന്ന ഗാന്ധിജിയുടെ നിരീക്ഷണം ഇതിനോട് ചേർത്തുവായിക്കാൻ കഴിയും.

സ്വന്തം ഭാഷാനുഭവങ്ങൾ ക്ലാസ് മുറികളിൽ വിശകലനവിധേയമാകാത്തിടത്തോളം, ഭാഷ അവർക്ക് സ്വയം പ്രകാശനത്തിനുള്ള ഉപാധിയായി മാറുന്നില്ല. കുട്ടികൾ വിവിധഭാഷാ വ്യവഹാരങ്ങളിലൂടെ സ്വയം പ്രകാശിപ്പിക്കാൻ ശ്രമിക്കണമെങ്കിൽ അവരുടെ പ്രാദേശികഭാഷാനുഭവങ്ങളുമായി ക്ലാസ് റൂം അനുഭവങ്ങളെ ഉൾച്ചേർക്കേണ്ടതുണ്ട്. അറിഞ്ഞതിന്റേയും കഷ്ടിച്ച് അറിയുന്നതിന്റെയും ഇടയ്ക്കുള്ള ഇടത്തിൽ നിന്നാണ് പുതിയ അറിവ് നിർമ്മിക്കപ്പെടുന്നതെന്ന് പിയാഷെ നിരീക്ഷിക്കുന്നുണ്ട്. അറിവ് രൂപീകരിക്കുന്ന ഈ ഇടത്തെക്കുറിച്ചുള്ള ധാരണ ഭാഷാപഠനത്തിൽ ഒഴിച്ചുകൂടാത്തതാണ്.

സ്വന്തം ഭാഷ എന്ന സങ്കല്പനത്തെ കൂടുതൽ വിശകലനവിധേയമാക്കേണ്ടതുണ്ട്. ഭാഷ എന്ന പൊതുവ്യവഹാരത്തിനു പുറത്ത് പഠിതാവിനു സ്വന്തമായി ഒരു ഭാഷയുണ്ടെന്ന ചിന്ത നമ്മുടെ പഠനബോധന പ്രവർത്തനങ്ങളിൽ വളരെക്കാലത്തോളം ഗൗരവമായി പരിഗണിക്കപ്പെട്ടില്ല. ചോദന പ്രതികരണങ്ങളെ ആശ്രയിച്ചാണ് ഒരു ചേഷ്ടയുടെ പ്രബലനം നടക്കുന്നതെന്ന ബി എഫ്.സ്കിന്നറുടെ വ്യവഹാരവാദം ഭാഷാപഠനത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ചതാണ് ഇതിനു കാരണം. ഭാഷാപഠനവും പൂർണ്ണമായും ഈ ചോദക-പ്രതികരണ പ്രക്രിയയെ ആശ്രയിച്ചുതന്നെയാണ് നടക്കുന്നതെന്ന് സ്കിന്നർ വാദിച്ചു. ഭാഷയെ ഒരു വാചികചേഷ്ടയായി കണ്ടതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെയൊരു നിഗമനത്തിൽ എത്തിച്ചേരുന്നത്. ജീവികളുടെ ചേഷ്ടകളെ നിയന്ത്രിക്കുന്നതുപോലെതന്നെയാണ് പരിസരം ഭാഷയെ രൂപപ്പെടുത്തുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. ഈ സിദ്ധാന്തത്തെ കാണാതെ പഠിച്ച നമ്മുടെ അധ്യാപകർ പ്രബലനം വഴി മുതിർന്നവരുടെ ഭാഷാനിലവാരത്തിലേക്ക് നമ്മുടെ കുട്ടികളെയുമെത്തിക്കാമെന്ന് ആത്മാർത്ഥമായി വിശ്വസിച്ചു. മറ്റ് വിഷയങ്ങളുടെ മാതൃകയിൽ ആവർത്തനം ഭാഷാപഠനത്തിന്റെയും കേന്ദ്രസ്ഥാനത്ത് വന്നു. ആവർത്തിച്ചെഴുതുന്നതും ആവർത്തിച്ച് ഉച്ചരിക്കുന്നതും മന:പാഠം പഠിക്കുന്നതും കുട്ടികളുടെ മികവായി വിലയിരുത്തപ്പെട്ടു. മാനകഭാഷയിലുള്ള വടിവൊത്ത പ്രകടനങ്ങൾ മാത്രം ഭാഷാപഠനത്തിന്റെ മൂല്യനിർണ്ണയ ഘടകങ്ങളായി. കുട്ടികൾ സ്വന്തം ജീവിതപരിസരത്ത് നിന്ന് ആർജ്ജിച്ചെടുത്ത ഭാഷാനുഭവങ്ങൾ ഒന്നുംതന്നെ ഔപചാരിക ഭാഷാപഠനത്തിന്റെ ഭാഗമായില്ല. മാനകഭാഷയിൽ നിന്ന് വ്യത്യസ്തമായ ഉച്ചാരണങ്ങളും പ്രയോഗങ്ങളുമൊന്നും പഠനപ്രക്രിയയിൽ പരിഗണിക്കപ്പെട്ടതേയില്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതി പാഠപുസ്തകത്തിൽ ചേർത്തത് കേരള നിയമസഭയിൽ ചോദ്യം ചെയ്യപ്പെട്ടതും അതിനു വിദ്യാഭ്യാസമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി നൽകിയ മറുപടിയും പ്രസിദ്ധമാണല്ലോ. ചുരുക്കത്തിൽ, സ്വന്തം ഭാഷയെയും അതുവഴി സ്വന്തം സംസ്കാരത്തെയും പൂർണ്ണമായും വെളിയിൽ നിർത്തിയിട്ട് വേണം അന്ന് ഒരു കുട്ടി ക്ളാസ് മുറിയിലേക്ക് പ്രവേശിക്കാൻ എന്നർത്ഥം. ഇത് സ്വാഭാവികമായി നടക്കേണ്ട പഠനപ്രക്രിയയെ വിരസവും യാന്ത്രികവുമാക്കി. ആവർത്തിക്കാനും മന:പാഠമാക്കാനും കഴിവുള്ളവരെല്ലാം ക്ളാസിൽ മുന്നോക്കക്കാർ എന്ന രീതിയിൽ വ്യവഹരിക്കപ്പെട്ടു. മറ്റുള്ളവർ ശരാശരിക്കാരും പിന്നീട് പിൻബെഞ്ചുകാരുമായി. പതുക്കെ പതുക്കെ പുറത്തേക്ക് പിൻതള്ളപ്പെട്ടു. തന്റേതായൊന്നുമില്ലാത്ത ക്ളാസ് മുറികൾ പിൻബെഞ്ചുകാർ മനസ്സുകൊണ്ട് ഉപേക്ഷിച്ചു. ഫലമോ, കുറച്ചുപേർമാത്രം വിജയിക്കുകയും മഹാഭൂരിപക്ഷം പരാജയപ്പെടുകയും ചെയ്യുന്ന വിലകുറഞ്ഞ മൽസരമായി വിദ്യാഭ്യാസം മാറി.

ഇത്തരത്തിൽ വിദ്യാഭ്യാസത്തെ പിറകോട്ടടിപ്പിക്കുന്ന പഠനസിദ്ധാന്തങ്ങളെ നിരാകരിച്ചുകൊണ്ടാണ് ജ്ഞാനനിർമ്മിതി വാദം ഉയർന്നുവന്നത്. ഇത് പഠനപ്രക്രിയയിൽ വളരെവേഗം അംഗീകാരം നേടി. പഠനം ഒരു സജീവമാനസിക പ്രക്രിയയാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ് ജീൻപിയാഷെ (18961980) ജ്ഞാനനിർമ്മിതി വാദം (Cognitive Constructivism) മുന്നോട്ടു വെയ്ക്കുന്നത്. എന്നാൽ, പിയാഷെയുടെ വീക്ഷണത്തിൽ പഠനപ്രക്രിയയിൽ കുട്ടി ഏകാകിയായ അന്വേഷകനാണ്. പഠനത്തെ അദ്ദേഹം വ്യക്തിഗതമായ പ്രക്രിയയായി കണ്ടു. ശിശു മന:ശാസ്ത്രത്തെക്കുറിച്ചും ശൈശവ

വിദ്യാഭ്യാസത്തെക്കുറിച്ചുമാണ് പിയാഷെയുടെ സിദ്ധാന്തങ്ങളെങ്കിലും പഠിതാവിന്റെ മനോ വികാസത്തിന്റെ ഘട്ടവിഭജനം നടത്തുമ്പോൾ ചില പൊതു നിഗമനങ്ങളിൽ അദ്ദേഹം എത്തിച്ചേരുന്നുണ്ട്. അത് ഇങ്ങനെയാണ്, ''വികസനത്തിന്റെ നേരത്തെയുള്ള ഘട്ടത്തിൽ ശിശു അവന്റെ ഇന്ദ്രിയങ്ങൾക്ക് ഗോചരമായവയെ നിലനിർത്താനും സമന്വയിപ്പിക്കാനുമാണ് ശ്രമിച്ചിരുന്നതെങ്കിൽ ഔപചാരിക പ്രവർത്തനങ്ങളുടേതായ ഘട്ടത്തിൽ ഊഹാധിഷ്ഠിതമായ ഒരു പരിത:സ്ഥിതിയിൽ എന്താണ് സംഭവിക്കാനിടയുള്ളതെന്ന് വിഭാവനം ചെയ്യാനുള്ള കഴിവ് മുന്നിട്ടുനിൽക്കുന്നു. സങ്കല്പങ്ങളിൽ നിന്നും അനുമാനങ്ങളിൽ നിന്നും മുന്നോട്ടു പോയി ചിന്താപ്രക്രിയവികസിക്കുന്നതും ഈ ഘട്ടത്തിലാണ്. ഈ കാലഘട്ടത്തിൽ രൂപം കൊള്ളുന്ന നൂതനചിന്താപദ്ധതികൾ ശിശുവിനെ മുതിർന്നവരുടെ മാനസിക നിലവാരത്തിലേക്ക് അടുപ്പിക്കുന്നു."

പഠനം ഒരു സാമൂഹികപ്രവർത്തനമാണെന്നും അത് സംസ്കാരത്തിന്റെ പങ്കുവെയ്ക്കലാണെന്നും വിശദീകരിച്ചത് സോവിയറ്റ് വിദ്യാഭ്യാസചിന്തകനായ വിഗോഡ്സ്കി(1896 1934)യാണ്. ഒരു സംസ്കാരത്തിന്റെ ഭാഗമാണ് താനെന്ന തോന്നൽ പങ്കുവെയ്ക്കുന്ന ഒരു സമൂഹത്തിലാണ് കുട്ടി അറിവ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കിക്കൊണ്ട് ജ്ഞാന നിർമ്മിതി വാദത്തെ സാമൂഹ്യജ്ഞാന നിർമ്മിതി വാദമായി (Social Constructivism) അദ്ദേഹം പുനർനിർവ്വചിച്ചു. പഠിതാവിന്റെ ശാരീരികവും മാനസികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരത്തിനാണ് സാമൂഹികജ്ഞാനം ഊന്നൽ നൽകുന്നത്. സജീവമായ പഠനപ്രക്രിയയിൽ ഓരോ വ്യക്തിയും ഒറ്റയ്ക്കും കൂട്ടായും അറിവ് നിർമ്മിച്ചെടുക്കുന്നു. താൻ ജീവിക്കുന്ന സാമൂഹിക പരിസരാനുഭവവുമായി ബന്ധപ്പെട്ട് ഒരാശയത്തെയോ പ്രവണതയെയോ പ്രതിഭാസത്തേയോ വ്യാഖ്യാനിച്ച് പുതിയ അർത്ഥം നിർമ്മിച്ചെടുക്കുമ്പോഴാണ് അറിവ് സാമൂഹികമായി മാറുന്നത്. "മുൻ തലമുറകളുടെ ഇടപെടലുകളിലൂടെ രൂപപ്പെട്ട സാമൂഹിക പരിസ്ഥിതിയിലേക്കാണ് മനുഷ്യൻ ജനിക്കുന്നത്. സാമൂഹിക ബന്ധങ്ങൾ, സാംസ്കാരിക പാരമ്പര്യം, ചരിത്രം, ഭാഷ ഇവയൊക്കെ മനുഷ്യനെ ബൗദ്ധികമായി കഴിവുള്ളവനാക്കുന്നു. എല്ലാ ഉയർന്ന മനോവ്യാപാരങ്ങളും സമൂഹവുമായുള്ള ഇട പഴകലിന്റെ ആന്തരികപ്രവർത്തനങ്ങളാണ്. വ്യക്തിയും സമൂഹവും ഒരേ സമയം ഉല്പാദകരും പുനരുല്പാദകരുമാണെന്നു കാണാം. വ്യക്തി സമൂഹത്തേയും സമൂഹം വ്യക്തിയേയും സൃഷ്ടിക്കുകയും പുന:സൃഷ്ടിക്കുകയും ചെയ്തു കൊണ്ടേയിരിക്കുന്നു''. മനുഷ്യന്റെ ബൗദ്ധിക വികാസത്തിന്റെ പ്രധാന ഘടകമായി വൈഗോഡ്സ്കി ഭാഷയെ പരിഗണിക്കുന്നുണ്ട്. ഭാഷയും ചരിത്രവും പാരമ്പര്യവും സാമൂഹികബന്ധങ്ങളും കൂടിയുള്ള കലർപ്പിലേക്കാണ് മനുഷ്യൻ ജനിച്ചുവീഴുന്നതെന്ന നിഗമനം വൈഗോഡ്സ്കിയുടെ ചിന്തകളെ ഒരു സാംസ്കാരിക സിദ്ധാന്തമായി ഉയർത്തുന്നുണ്ട്. സമൂഹം സംസ്കാരത്തെ അടുത്തതലമുറയിലേക്ക് വിനിമയം ചെയ്യുന്നതെങ്ങനെ എന്നാണ് അദ്ദേഹം വിശദീകരിക്കാൻ ശ്രമിച്ചത്. അതു കൂടുതൽ അറിവുള്ളവരുമായി നടത്തുന്ന സഹകരണാത്മക സംവാദത്തിലൂടെയാണെന്നും വൈഗോഡ്സ്കി സിദ്ധാന്തിക്കുന്നു. സമൂഹവുമായുള്ള സംവാദത്തിലൂടെയാണ് പഠിതാവിൽ പഠനം നടക്കുന്നതെന്നർത്ഥം. ഈ സംവാദത്തിനുള്ള മുഖ്യ ഉപാധിയാണ് അദ്ദേഹത്തിനു ഭാഷ. സംവാദാത്മകമായ വിദ്യാഭ്യാസത്തിനു പഠിതാവിനെ പ്രാപ്തനാക്കുന്നത് ഭാഷയാണെന്നാണ് വൈഗോഡ്സ്കി പറഞ്ഞുറപ്പിക്കുന്നത്. തുടർന്ന് വന്ന ജെ.എസ്.ബ്രൂണറും ബുദ്ധിയുടെ ബഹുമുഖ തത്ത്വം അവതരിപ്പിച്ചുകൊണ്ട് കടന്നുവന്ന ഹവാർഡ് ഗാർഡ്നറും എല്ലാം ജ്ഞാനനിർമ്മിതി വാദത്തിന്റെ സൈദ്ധാന്തിക അടിത്തറയിൽ നിന്നുകൊണ്ട് തന്നെയാണ് തങ്ങളുടെ പഠനസിദ്ധാന്തങ്ങൾ അവതരിപ്പിച്ചത്.

അധ്യാപിക മാത്രം സംസാരിക്കുകയും ചോദ്യങ്ങൾക്കുത്തരം പറയുവാൻ മാത്രം കുട്ടിയുടെ ശബ്ദം കേൾക്കുകയും ചെയ്യുന്ന ക്ലാസ് മുറികൾ കുട്ടിയും ടീച്ചറും തമ്മിൽ നടക്കുന്ന സംവാദങ്ങളുടെ ഇടമായി ഒരു പരിധിവരെയെങ്കിലും മാറിയത് ജ്ഞാനനിർമ്മിതി സാമൂഹികമായി സംഭവിക്കുന്ന ഒരു പ്രക്രിയയാണെന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തി മുന്നോട്ടു പോകുന്നതുകൊണ്ടാണ്. പഠനപ്രക്രിയ സജീവമാകുന്നത് പഠിതാക്കൾ തമ്മിൽ

 ISSN 2395 – 1745

കൊണ്ടും കൊടുത്തും തർക്കിച്ചും മുന്നേറുമ്പോഴാണ് എന്ന ധാരണ ഇന്ന് ഒരു പരിധിവരെയെങ്കിലും അധ്യാപകർ സ്വാംശീകരിച്ചിട്ടുണ്ട്. ഏകപക്ഷീയമായ അവതരണങ്ങൾക്കപ്പുറം സംവാദാത്മകമായ പഠനസാധ്യതകളിലേക്ക് വലിയ അളവിൽ ഇന്ന് ക്ളാസ് മുറികൾ വികസിച്ചിട്ടുണ്ട്. അധ്യാപകരല്ല, കുട്ടിയാണ് പഠനപ്രക്രിയയുടെ കേന്ദ്രം എന്ന വസ്തുത ഇന്ന് ഏറെക്കുറെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്തൊക്കെ പോരായ്മകൾ ചൂണ്ടിക്കാട്ടിയാലും ചോദ്യം ചോദിക്കാൻ ഭയക്കാത്ത കുട്ടിയും ഉത്തരം പറയാൻ വേണ്ടി പഠിക്കുന്ന അധ്യാപകരും ഇന്ന് നമ്മുടെ ക്ളാസ് മുറിയെ വലിയ അളവിൽ ജനാധിപത്യവൽക്കരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ക്ളാസ് മുറിയിൽ ഇന്ന് സ്ഥിരമായ പിൻബഞ്ചുകാർ ഇല്ലാത്തത്. ഉയർന്നുവരുന്ന നമ്മുടെ പരീക്ഷകളുടെ വിജയശതമാനത്തെ ഈ രീതിയിൽക്കൂടി വിലയിരുത്തുന്നത് അഭികാമ്യമായിരിക്കും.

ഭാഷാഘടകം ജന്മസിദ്ധമാണെന്ന് വിശദീകരിച്ചു കൊണ്ട് വാചികമായ ചേഷ്ടയാണ് ഭാഷ എന്ന സ്മിന്നറുടെ സങ്കൽപ്പത്തെ ചോംസ്കി അപ്പാടെ നിരാകരിക്കുന്നു. പരിശീലനം വഴിയല്ല ഭാഷാപഠനം നടക്കുന്നത്; ജീവശാസ്ത്രപരമായി ക്രമപ്പെടു ത്തപ്പെട്ട ജന്മസിദ്ധമായ കഴിവുകളിലൂടെയാണ്. ഒരുവിധ തീരുമാനത്തിന്റേയും ഭാഗമായല്ല ഭാഷ പഠിക്കുന്നതെന്ന് വിശദീകരിച്ചുകൊണ്ട് ഭാഷയെ ഒരു ജൈവപ്രക്രിയയായി ചോസ്കി വിലയിരുത്തുന്നു. സ്വാഭാവികമായ ഭാഷാ അന്തരീക്ഷത്തിലാണ് കുട്ടികൾ ഏറ്റവും നന്നായി ഭാഷ സ്വായത്ത മാക്കുന്നതെന്ന നിഗമനം ഭാഷാബോധനത്തിൽ പുതിയ വഴികൾ തുറന്നു. വിരസമായ ഭാഷാ അന്തരീക്ഷം ഭാഷാപഠനത്തെ മന്ദീഭവിപ്പിക്കു മെന്നാണിതിന്റെ സാരം. ലോകത്തിലെവിടെയും മനുഷ്യശിശു ഭാഷ പഠിക്കുന്നതിന് സമാനത യുണ്ടെന്ന് കണ്ടെത്തിയ ചോംസ്കി, ഭാഷാപഠന സംവിധാനം (Language Accusation Device) എന്ന പരികല്പനയ്ക്ക് രൂപം നൽകി. ഇത് മുന്നോട്ട് വെയ്ക്കുന്നത് ഭാഷയുടെ സാർവ്വലൗകിക സ്വഭാവത്തെയാണ്. ഭാഷകൾക്ക് തമ്മിൽ ഘടനാപരമായ സാമ്യമുണ്ടെന്ന നിരീക്ഷണത്തിൽ നിന്നാണ് ഒരു ചെറിയ കാലയളവിനുള്ളിൽ കുട്ടിയുടെ ഭാഷാജ്ഞാനം പരിപുഷ്ടമാകുന്നതിന്റെ കാരണം ചോംസ്കി കണ്ടെത്തുന്നത്. ഇത്രയും സങ്കീർണ്ണമായ ഭാഷാഘടനയിൽ നിശ്ചിത കാലത്തിനുള്ളിൽ പ്രാവീണ്യം നേടാൻ കുട്ടികൾക്ക് കഴിയുന്നത് ഭാഷാഘടകം ജന്മസിദ്ധമായതു കൊണ്ടാണെന്ന ചോംസ്കിയൻ പരികല്പന ഭാഷാപഠന രീതിശാസ്ത്രത്തെ അപ്പാടെ മാറ്റിമറിച്ചു. രണ്ടു വയസ്സിനും പന്ത്രണ്ടു വയസ്സിനും ഇടയിൽ മസ്തിഷ്കവികാസം പൂർണ്ണമാകുന്നതുവരെയുള്ള കാലയളവാണ് ഭാഷാവികാസത്തിന്റെ സുപ്രധാന കാലം എന്ന നിഗമനം ഔപചാരിക ഭാഷാപഠനത്തെ വലിയ അളവിൽ സ്വാധീനിച്ചു. മനുഷ്യശിശു ഭാഷപഠിക്കുന്നതിന്റെ ജീവശാസ്ത്രപരമായ ക്രമം കൃത്യമായി വ്യവഹരിച്ചുകൊണ്ട് ഭാഷാപഠനത്തിൽ സംഭവിക്കുന്ന ഏറ്റക്കുറച്ചിലുകളെ വിശദീകരിക്കാൻ ചോസ്കി ശ്രമിക്കുന്നുണ്ട്.

